"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാരുടേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ചുമതലകൾ വ്യക്തമാക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്

G.O.(Rt)No.880/2021/LSGD തീയതി,തിരുവനന്തപുരം, 16/04/2021

പരാമർശം:- 1. മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, 1939

2. തിരുവിതാംകൂർ-കൊച്ചി രാജ് ആക്ട്, 1955
3. കേരള പഞ്ചായത്ത് രാജ് ആക്ട്, 1994
4. കേരള മുനിസിപ്പാലിറ്റി ആക്ട്, 1994
5. ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016
6. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
7. കൺസ്ട്രക്ഷൻ ആൻഡ് ഡെമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
8. ഹസാർഡസ് ആൻഡ് അദർ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
9. ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016
10. സ്റ്റേറ്റ് പോളിസി ഓൺ സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, 2018
11. പകർച്ചവ്യാധി നിയന്ത്രണ (പ്രത്യേക അധികാര) ഭേദഗതി വിജ്ഞാപനം, 2020
12. 05.05.2020 തീയതിയിലെ സ.ഉ.(സാധാ)828/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
13. 20.03.2020 തീയതിയിലെ സ.ഉ.(സാധാ)55/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
14. 25.03.2020 തീയതിയിലെ സ.ഉ.(സാധാ)710/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
15. 18.04.2020 തീയതിയിലെ സ.ഉ.(സാധാ)762/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശുചിത്വ-മാലിന്യ സംസ്കരണ രംഗത്ത് നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാമർശം 1 മുതൽ 11 വരെയുള്ള ചട്ടങ്ങളിലും നിയമങ്ങളിലും പ്രദിപാദിച്ചിട്ടുണ്ട്. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ കർശന നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും തുടർനടപടികൾ നിരീക്ഷിച്ചു വരുന്ന സാഹചര്യത്തിലും

ഖരമാലിന്യ പരിപാലന പദ്ധതികൾ അതീവ പ്രാധാന്യത്തോടുകൂടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

2) ഈ സാഹചര്യത്തിൽ, മേൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങളും നിയമങ്ങളും പോളിസിയും പരാമർശിത ഉത്തരവുകളും അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അതീവ പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുന്നതിലേക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സെക്രട്ടറിമാരുടേയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും ചുമതലകൾ/ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഖരമാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ വ്യവസ്ഥകൾ നടപ്പിലാക്കാതിരുന്നാൽ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ ബഹു. നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ സാദ്ധ്യതയുണ്ട് എന്നതിനാൽ ആയത് ഒഴിവാക്കുന്നതിലേയ്ക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

<u>1. ഗ്രാമപഞ്ചായത്തുകളുടെ/നഗരസഭകളുടെ ഉത്തരവാദിത്തങ്ങൾ (ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടവ)</u>

i. സ്റ്റേറ്റ് പോളിസിയെ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഖരമാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കേണ്ടതാണ്.
ii. ഖരമാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.
iii. മാലിന്യം ശേഖരിക്കുന്നവരേയും ഈ രംഗത്തെ അസംഘടിത മേഖലയിൽ ഉള്ളവരേയും രജിസ്റ്റർ ചെയ്യുകയും തിരിച്ചറിയൽ കാർഡ് നൽകുകയും ചെയ്യുക.
iv. മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും മാലിന്യങ്ങൾ തരംതിരിച്ച്. ശേഖരിക്കാൻ വരുന്നവരെ ഏൽപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ മാലിന്യ ഉത്പാദകന് നൽകുക.

v. തരംതിരിച്ച് ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ സംഭരിച്ചു വയ്ക്കാൻ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾക്കും മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുക. അതോടൊപ്പം തന്നെ മാലിന്യസംസ്കരണ പ്രവർത്തനത്തിന് എല്ലാ ഘട്ടങ്ങളിലും വേണ്ട നിർദ്ദേശങ്ങളും സഹായവും നൽകുക.
vi. പൊതുനിരത്ത് ശുചീകരണത്തിന് എത്തുന്ന പ്രവർത്തകരോട് അവിടെ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ കത്തിച്ചുകളയാൻ പാടില്ലെന്നും പകരം അവ സംഭരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം ചുമതലപ്പെടുത്തിയിട്ടുള്ള മാലിന്യം ശേഖരിക്കുന്നവർക്ക് കൈമാറണമെന്നും നിർദ്ദേശം നൽകണം.
vii. മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകണം.
viii. മാലിന്യം ഉല്പാദിപ്പിക്കുന്നവരിൽ (Waste generate) നിന്നും പ്രതിമാസം (യൂസർഫീ) ഈടാക്കണം.
ix. തരംതിരിച്ച് ശേഖരിക്കുന്ന ജൈവമാലിന്യങ്ങൾ പൊതു കമ്പോസ്റ്റിംഗ് സംവിധാനങ്ങളിൽ സംസ്കരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം. കഴിവതും ജൈവ മാലിങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനങ്ങളും കണ്ടെത്തണം.
x. വികേന്ദ്രീകൃത കമ്പോസ്റ്റ് പ്ലാന്റുകൾ/ബയോഗ്യാസ് പ്ലാന്റുകൾ മാർക്കറ്റിനുള്ളിലോ പരിസര പ്രദേശത്തോ വൃത്തിയുള്ള സാഹചര്യത്തിൽ നിർമ്മിക്കുക.

xi. തരംതിരിച്ച് ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിലേയ്ക്കോ റിസോഴ്സ് റിക്കവറി ഫെസിലിറ്റിയിലേയ്ക്കോ എത്തിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.
xii. ഖരമാലിന്യ സംസ്കരണത്തെ പറ്റി പൊതുജനങ്ങൾക്ക് ആവശ്യമായ ബോധവത്ക്കരണം നൽകുക.
xiii. അശാസ്ത്രീയമായ ലാൻഡ് ഫില്ലിങ്ങും മാലിന്യങ്ങൾ കൂട്ടിക്കലർത്തി നിക്ഷേപിക്കുന്ന പ്രവണതയും പൂർണ്ണമായും പാടില്ലാത്തതാണ്. ഇത്തരം പ്രവണതകൾ തടയുന്നതിന് നടപടി സ്വീകരിക്കണം.
xiv. പുനരുപയോഗ പുനഃചംക്രമണ യോഗ്യമല്ലാത്തതും മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വരുന്ന മറ്റ് റിജെക്റ്റുകളും (rejects) മാത്രം ശാസ്ത്രീയമായ സാനിറ്ററി ലാൻഡ് ഫില്ലിങ്ങ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുക.
xv. കാലപ്പഴക്കമുള്ളതും ഇന്നും നിലനിൽക്കുന്നതുമായ മാലിന്യ കൂമ്പാരങ്ങളെ പ്രത്യേകം പഠനത്തിന് വിധേയമാക്കുകയും അവിടെ ബയോ മൈനിംഗ് - ബയോ മെതനേഷൻ സാധ്യമെങ്കിൽ അതിനു വേണ്ട സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുക.
xvi. ബയോ മൈനിംഗ് - ബയോ മെതനേഷൻ സാധ്യമല്ലാത്തപക്ഷം ആ പ്രദേശത്ത് ശാസ്ത്രീയ ലാൻഡ് ഫിൽ ക്യാപ്പിംഗ് നിയമങ്ങൾക്ക് അനുസൃതമായി നടപടി സ്വീകരിക്കുക.
xvii. മറ്റേതു മാലിന്യത്തേയുംപോലെ പ്ലാസ്റ്റിക് മാലിന്യം കത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.
xviii. സ്റ്റേക് ഹോൾഡർമാർക്കിടയിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ അവരുടെ ഉത്തരവാദിത്വത്തെ പറ്റി ബോധവൽക്കരണം നൽകുക.
xix. കെട്ടിട നിർമ്മാണത്തിന്റെയും പൊളിക്കലിന്റെയും ഭാഗമായി വരുന്ന മാലിന്യങ്ങൾ ശേഖരിക്കാൻ ആവശ്യമായ കണ്ടെയ്നറുകളും അതോടൊപ്പം തന്നെ അവ കൃത്യമായി പ്രോസസിങ് സ്ഥലങ്ങളിലേക്ക് എത്തിക്കാനുള്ള സംവിധാനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾ ഒരുക്കേണ്ടതുണ്ട്.
xx. കെട്ടിട നിർമ്മാണത്തിന്റെയും പൊളിക്കലിന്റെയും ഭാഗമായി വരുന്ന മാലിന്യങ്ങളിൽ നിന്നും 10 മുതൽ 20 ശതമാനം വരെ മെറ്റീരിയൽ ഗവൺമെന്റ് കോൺട്രാക്ട് വർക്കുകൾക്ക് ഉപയോഗിക്കണം.
xxi. ഇത്തരത്തിലുള്ള മാലിന്യങ്ങളിൽ അപകടകാരികളായ വസ്തുക്കളോ രാസ വസ്തുക്കളോ കലർന്നിട്ടുണ്ടെങ്കിൽ അവ സംസ്കരിക്കാൻ ആവശ്യമായ മാർഗനിർദ്ദേശം അധികാരപ്പെട്ട അതോറിറ്റികളിൽ നിന്നും സ്വീകരിക്കേണ്ടതാണ്.
xxii. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനുവേണ്ടിയുള്ള ഡാറ്റാബേസ് ഉണ്ടാക്കുകയും അത് വർഷംതോറും അപ്ഡേറ്റ് ചെയ്യുകയും വേണം.

## 2. ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിമാരുടെ ഉത്തരവാദിത്തങ്ങൾ

ശുചിത്വ -മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും നടപ്പാക്കുന്നതിന് ഉചിതമായ തീരുമാനങ്ങളെടുക്കാൻ ഭരണസമിതിയെ സജ്ജമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് പ്രത്യേകം ഉത്തരവാദിത്തമാണുള്ളത്. അതിന് ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

i. ശുചിത്വ - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതിന്റെയും, ആയവ നടപ്പിലാക്കുന്നതിന് അനിവാര്യവും അനുയോജ്യവുമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള നിയമപരമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതിന്റെയും ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കാണ്.
ii. അനിവാര്യമായ ചുമതലയിൽ വരുന്ന ഈ വിഷയത്തിന് പദ്ധതിയിൽ സമഗ്ര മാലിന്യ

സംസ്കരണത്തിന് ആവശ്യമായ നടപടി ഉറപ്പാക്കുകയും അതിന് ആവശ്യമായ നിയമപരമായ മാർഗനിർദ്ദേശങ്ങളും പദ്ധതി ആസൂത്രണത്തിന് ആവശ്യമായ നേതൃത്വവും നൽകേണ്ടത് ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാരാണ്.

iii. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഡിപിആർ തയാറാക്കുന്നതിന്റെ ഏകോപനം, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അംഗീകൃത പ്രവർത്തികൾക്ക് നിയമപരമായ അനുമതി നൽകൽ എന്നിവ അതാത് തദ്ദേശ സ്വയംഭരണസ്ഥാപന സെക്രട്ടറിമാരുടെ ചുമതലയാണ്

iv. നിയമ വിരുദ്ധമായി മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ ചട്ടപ്രകാരം നടപടികൾ സ്വീകരിക്കാനുള്ള ഉത്തരവാദിത്തം തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കാണുള്ളത്.

v. പരാമർശ വിഷയങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം നിർവഹിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രതിമാസ പുരോഗതി റിപ്പോർട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നഗരസഭാ സെക്രട്ടറിമാർ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും നൽകേണ്ടതാണ്.

vi. മേൽ സൂചിപ്പിച്ച ഘടകങ്ങളുടെ നിർവ്വഹണവും നിരീക്ഷണവും പരിപാലനവും സംബന്ധിച്ച് ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്തും റീജയണൽ ജോയിന്റ് ഡയറക്ടരും പ്രവർത്തന പുരോഗതി വിലയിരുത്തുകയും അത് സംബന്ധിച്ചുള്ള വിവരം സർക്കാരിലേക്ക് നൽകേണ്ടതുമാണ്.

vii. അതത് സ്ഥലങ്ങളിലെ സാഹചര്യത്തിനും ആവശ്യത്തിനും അനുസരിച്ച് ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉപയോഗപ്പെടുത്തുകയും അതനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും വേണം. ഈ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ആയിരിക്കണം മാലിന്യ പരിപാലനവും പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും പൊതുജനാരോഗ്യ ശുചിത്വ സംവിധാനങ്ങളും ഏകോപിച്ച് പ്രാവർത്തികമാക്കേണ്ടത്. ബന്ധപ്പെട്ട വകുപ്പുകൾ, ഘടക സ്ഥാപനങ്ങൾ, ഹരിതകർമ്മസേന, ഹരിത സഹായ സ്ഥാപനം, സന്നദ്ധ സേവന സംവിധാനം ഇവയെല്ലാം ഏകോപിപ്പിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഇതിനാവശ്യമായ പ്രവർത്തനങ്ങൾ നിർവഹിക്കേണ്ടതാണ്.

## 3 ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ഉത്തരവാദിത്തങ്ങൾ

i. മേൽപറഞ്ഞ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് ഫീൽഡ്തലത്തിൽ ഉറവിടമാലിന്യസംസ്കരണം, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ, ഹരിതസഹായസ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടങ്ങിയവ കൃത്യമായി മോണിറ്റർ ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടത് അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലയാണ്.

ii. തദ്ദേശസ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള MCF, RRF-കളുടെ പ്രവർത്തനം സുഗമമായി നടക്കുന്നുണ്ട് എന്ന് അസിസ്റ്റന്റ് സെക്രട്ടറിമാർ ഉറപ്പുവരുത്തണം. അപാകതകൾ യഥാസമയം സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 4. ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ ഉത്തരവാദിത്തങ്ങൾ

നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ലളിതമായ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയാറാക്കി നടപ്പിലാക്കേണ്ടതാണ്. ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി എന്നിവയുടെ സാങ്കേതിക സഹായം ഇക്കാര്യത്തിൽ തേടാവുന്നതാണ്.

## 5. നഗരസഭാ/കോർപറേഷൻ തലത്തിൽ ഹെൽത്ത് ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ ചുമതലകൾ

ഫീൽഡ്തലത്തിൽ ഉറവിടമാലിന്യസംസ്കരണം, ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ, ഹരിതസഹായസ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ തുടങ്ങിയവ കൃത്യമായി മോണിറ്റർ ചെയ്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ചുമതല മുനിസിപ്പൽ കോർപറേഷനുകളിൽ ഹെൽത്ത് ഓഫീസർമാരും വലിയ നഗരസഭകളിൽ ഹെൽത്ത് സൂപ്പർവൈസർമാരും ചെറിയ നഗരസഭകളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും വഹിക്കേണ്ടതാണ്.

## 6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എൻജിനീയറിങ് വിഭാഗത്തിന്റെ ചുമതലകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുള്ളതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതുമായ മാലിന്യ സംസ്കരണ പ്രോജക്ടുകൾ തയ്യാറേക്കേണ്ടതും നടപ്പിലാക്കേണ്ടതും തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ എൻജിനീയറിങ് വിഭാഗമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിത കേരളം മിഷൻ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

എക്സിക്യൂട്ടീവ് ഡയറക്ടർ. കുടുംബശ്രീ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി, MGNREGS
ഡയറക്ടർ ആരോഗ്യ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളം മിഷൻ
ഡയറക്ടർ ജനറൽ, കില
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
ഡയറക്ടർ, എെ&പി.ആർ.(വെബ് & ന്യൂമീഡിയ) തിരുവനന്തപുരം
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്